**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5408** **12-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 16.01.2019-ലെ ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ അഴിമതി കണ്ടെത്തിയിരുന്നോ; എങ്കിൽ ഈ കാര്യത്തിൽ 2021 ജൂൺ വരെ എന്തൊക്കെ തുടർ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (എ) | 16/01/2019 തീയതിയിൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല. 16/01/2019 തീയതിയിൽ ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ ഉള്ള തായി കണ്ടെത്തുകയും സഹകരണ നിയമം പ്രകാരമുള്ള അന്വേഷണം ശുപാർശ ചെയ്യുകയും 30/07/2019 ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 31/08/2019 ൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം ഉത്തരവായിട്ടുള്ളതും 22/12/2020 ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ടിൽ ഹിയറിംഗ് ഉൾപ്പെടെയുള്ള നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും 22/07/2021 ന് ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതുമാണ്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം 06/07/2021 ന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ